LIBRARY ARCHIVES Kerala Legislative Assembly

കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ അംശദായം വർദ്ധിപ്പിക്കാൻ നടപടി

41 [4919] ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷക തൊഴിലാളി ക്ഷേമനിധി അംഗങ്ങളുടെ അംശദായം രണ്ടുരൂപയിൽ നിന്ന് അഞ്ച് രൂപയായി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉദ്ദേശമുണ്ട്. ഇതു സംബന്ധിച്ച ഭേദഗതി ബിൽ 30-7-2003-ന് നിയമസഭ പാസ്സാക്കിയിട്ടുണ്ട്.

വർക്ക്ഷോപ്പ് തൊഴിലാളികൾ, റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ എന്നിവർക്കായി ക്ഷേമനിധി

42 [4920] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്ക്ഷോപ്പ് തൊഴിലാളികൾ റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ എന്നിവർക്കായി ഓരോ ക്ഷേമനിധി പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരളത്തിലെ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്കായി കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ഒരു ക്ഷേമ പദ്ധതി രൂപവൽക്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ട്. റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ കേരളത്തിലെ ചെറുകിട തോട്ടം തൊഴിലാളികളുടെ ലിസ്റ്റിൽ പെടുന്നതാണ്. ഈ വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുന്നതിനായി തൊഴിലാളികളുടെ തരംതിരിച്ചുള്ള എണ്ണം ശേഖരിച്ച് പരിശോധിച്ചുവരികയാണ്.

ഓട്ടോറിക്ഷ ഡ്രൈവേഴ്സ് ക്ഷേമനിധിയിൽ നിന്നുള്ള റിട്ടയർമെന്റ് ആനുകൂല്യം

43 [4921] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടോറിക്ഷ ഡ്രൈവേഴ്സ് ക്ഷേമനിധിയിൽ 1999-ന് മുമ്പ് അംഗങ്ങളായവരുടെ റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?